# ഹാപ്പി വോയ്സ്

സന്തോഷധ്വനി

**VOL.25** **FEBRUARY** **NO.1**



RN.NO.70681\97. POSTAL.L.NO. G.KCH.118 /2012- 2014

# ചിന്തിക്കാൻ

## ബാലസംഘം ക്യാംപ് സൈററ്....

ബാലസംഘത്തിന്റെ പ്രവർത്തനങ്ങളെ സ്നേഹിക്കുന്ന ഒരു വ്യക്തിയാണ് ഈ ലേഖകൻ. എന്നാൽ ഇന്നത്തെ ബാലസംഘത്തിന്റെ പ്രവർത്തനങ്ങളോടും അതിന്റെ നേതൃത്വത്തോടും ആശയപരമായി വിയോജിപ്പാണുള്ളത്. കാരണം ബാലസംഘം ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കാൻ തുടങ്ങിയെന്നതുതന്നെ. കാര്യകാരണസഹിതം വ്യക്തമായി ചിലതൊക്കെ തുറന്നുപറഞ്ഞാൽ വിമർശനമായി പലരും വ്യാഖ്യാനിക്കുമെന്നതിനാൽ പുത്തൻകാവ് ക്യാംപ് സൈററിനെക്കുറിച്ച് വായനക്കാരുടെ ചിന്തയ്ക്കായി ചിലത് ഓർപ്പിക്കട്ടെ. സംഘടനകൾ ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കുമ്പോൾ ആത്മിയരായവർ തിരുത്തൽ ശക്തിയായി എഴുന്നേല്ക്കണം.

ഓരോ ജില്ലകളിലും ബാലസംഘത്തിന്റെ സെന്ററുകൾ ഉണ്ട്. ഇവരെല്ലാവരും കൂടെ ഒന്നിച്ചു കൂടുന്നത് വർഷത്തിൽ ഒരിക്കൽ മാത്രം. ഒരു വർഷത്തിലെ 365 ദിവസങ്ങളിൽ ഏറിയാൽ പത്തുദിവസമാണ് കേരളത്തിലെ എല്ലാ ബാലസംഘങ്ങളും ഒരുമിച്ചു ഒരു സ്ഥലത്തു കൂടുന്നത്. അതിനുവേണ്ടി 28 മുറികൾ, 800 പേർക്ക് ഇരിക്കാവുന്ന ഓഡിറേറാറിയം, 4 ഡോർമിറററികൾ... ഇന്നിങ്ങനെയുള്ള ഒരു സജ്ജീകരണം ബാലസംഘത്തിന് എന്തിനാണ് ? ഈ പടുകൂററൻ കെട്ടിടം കൊണ്ട് ബ്രദറൺ സമൂഹത്തിലെ കുഞ്ഞുങ്ങൾക്ക് എന്താണ് പ്രയോജനം? ദൈവനാമം മഹത്വപ്പെടുമോ? സുവിശേഷീകരണത്തിന് പ്രയോജനമുണ്ടോ...?എന്നിങ്ങനെ ഒട്ടേറെ ചോദ്യങ്ങൾ ഉയരപ്പെടുകയാണ്.ബാക്കി ദിവസങ്ങൾ ഈ ക്യാംപ് സൈററ് എന്തിനാണ് ഉപയോഗിക്കുന്നത്? ഉദ്ഘാടനം കഴിഞ്ഞ് ചില ദിവസങ്ങൾ കഴിഞ്ഞയുടനെ ഐ.ടി.ഐ യുവജനോത്സവം ഇവിടെ നടത്തി പോലും! വിവാഹങ്ങൾ നടക്കുന്നു. ചുരുക്കി പറഞ്ഞാൽ ബാലസംഘത്തിന്റെ പേരുപറഞ്ഞ് കെട്ടിടപണി നടത്തി നേതൃത്വം ബിസിനിസിലേക്ക് തിരിഞ്ഞിരിക്കുന്നു.

ഇതുപണിയുവാനായി കോടികളാണ് മുടക്കിയത്. ബാലസംഘത്തിന്റെ ക്യാംപിനുവേണ്ടിമാത്രമല്ല ഇതു പണിതതെന്നു വ്യക്തം. ചില ദിവസങ്ങളിലെ ക്യാംപിനുവേണ്ടി മാത്രമായിരുന്നുവെങ്കിൽ പുത്തൻകാവിൽ നിന്നും 5 കി.മി.ദൂരെയുള്ള ബി.ബി.സി ഓഡിറേറാറിയം,ഏകദേശം 20 കി.മി. ദൂരെയുള്ള റാന്നിയിലെ ഓഡിറേറാറിയവും പത്തനംതിട്ട സുവിശേഷാലയവും ഉണ്ട്. മാത്രമല്ല കുമ്പനാട് തുടങ്ങിയ സ്ഥലങ്ങളിൽ നമ്മുടെ സ്വന്തം സ്കൂളുകൾ പോലും ഉണ്ട്. ഇതെല്ലാം ബാലസംഘം ക്യാംപുകൾക്ക് ഉപയോഗിക്കാം. പക്ഷേ സംഘാടകരുടെ ലക്ഷ്യം മറെറാന്നാണെന്നു വ്യക്തം. വായനക്കാർ ചിന്തിക്കണം. **(SP)**

Edited, Printed, Published & Owned by Simon Payyanur,
Plot.No.147,Sector.7, Gandhidham Ph:226951.
Printed at Pavanam Offset, Gandhidham. 225125

VOL.25 Happy Voice - സന്തോഷ ധ്വനി 2013 NO.2

പത്രാധിപർ എഴുതുന്നു:-

# ദർശനമുള്ളവർ എഴുന്നേല്ക്കണം

ദർശനം എന്ന വാക്കിന് കാണൽ,കാഴ്ച,മനസ്സിൽ കാണൽ, ഗ്രഹിക്കൽ, അനുഭവിച്ചറിയൽ എന്നിങ്ങനെ നിരവധി അർത്ഥങ്ങളാണ് കൊടുത്തിട്ടുള്ളത്. ദൈവവചനത്തിൽ ദർശനം പ്രാപിച്ച നിരവധിപേരെ കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. ഉല്പത്തിപുസ്തകത്തിൽ ദർശനത്തിന്റെ തുടക്കവും വെളിപ്പാടു പുസ്തകത്തിൽ ദർശനത്തിന്റെ അവസാനവും കാണം.

ദർശനമുള്ളവർ എഴുന്നേല്ക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ഒരു വിശ്വാസിക്ക് ശരിയായ ദർശനം പരിശുദ്ധാത്മാവിന്റെ സഹായത്താലാണ് ഉരുവാകുന്നത്. അത്തരത്തിലൂടെ ഉളവാകുന്ന ദർശനങ്ങൾ വിപ്ളവകരമായ മാററങ്ങളാണ് സമൂഹത്തിന് നല്കുന്നത്. ശരിയായ ദർശനം ശരിയായ നിലയിൽ പ്രായോഗികമാക്കുമ്പോൾ അനേകർക്ക് വിടുതലും സന്തോഷവും ദൈവനാമമഹത്വത്തിനു കാരണവുമായിത്തീരുന്നു.കഷ്ടതയിലൂടെയാണ് ശരിയായ ദർശനം ഉദയം കൊള്ളുന്നത്. അതിന്റെ ശോഭ സുര്യോദയംപോലെ മനോഹരമാണ്. വേദനയുടെയും ദുഃഖത്തിന്റെയും കൊടുംചൂടിൽ മന്ദമാരുതനാകുന്ന ദിവ്യദർശനം ഒരു വിശ്വാസിയിൽ ശക്തിപകരും. ബാബേൽ പ്രവാസത്തിലായിരുന്ന യെഹസ്ക്കേലും, പത്മോസ് ദ്വീപിലായിരുന്ന അപ്പോസ്തലനായ യോഹന്നാനും ഇതിനു ചില ഉദാഹരണങ്ങൾ മാത്രം.

പരിശുദ്ധാത്മാവിന്റെ സഹായത്താലുരുവാകുന്ന ദർശനത്തിൽ സ്വാർത്ഥതയില്ല. അനാത്മിക ചിന്തയില്ല. ദിവ്യദർശനത്തിന് ഒരു ലക്ഷ്യവും അതിന്റെ പര്യവസാനത്തിൽ ഒരു അത്ഭുതവുമുണ്ട്. ദർശനമുള്ളവരിൽ പക്ഷപാതമില്ല. സ്വന്തബന്ധങ്ങൾക്കും സ്ഥാനമില്ല. കാരണം ഒരു കാര്യം ചെയ്യുവാൻ പ്രേരണകൊടുക്കുന്നത് സ്വർഗ്ഗത്തിലെ ദൈവമാണ്. ദൈവിക ദർശനത്തിനെതിരെ അനുസരണക്കേടു കാണിക്കുവാൻ ശരിയായ ദർശനം പ്രാപിച്ചവർക്ക് കഴിയുകയേ ഇല്ല. അവരുടെ കൈകൾ കുഴയുകയില്ല. കാലുകൾ തളരുകയില്ല. ഹൃദയത്തിൽ ഇരുവിധത്തിലുള്ള ചിന്തയുണ്ടാകയില്ല. അവരുടെ കർണപുടങ്ങൾ മററു മനുഷ്യരുടെ വാക്കുകൾക്കായി തിരിക്കുകയില്ല. അവരുടെ വാക്കുകൾ ഉവ്വ് ഉവ്വ് എന്നും ഇല്ലാ ഇല്ലായെന്നുമായിരിക്കും. ഇരുമനസ്സോടെ ഒന്നും ചെയ്യുവാൻ കഴിയുകയില്ല. ലക്ഷ്യപൂർത്തീകരണമല്ലാതെ മറെറാന്നും മനോമുകരത്തിൽ കിളിയ്ക്കുകയില്ല.

➲ 2



ഭാരത സുവിശേഷീകരണത്തോടുള്ള നമ്മുടെ ദർശനം നഷ്ടപ്പെടുന്നുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. കേരളക്കാരായവർ ഉത്തരേന്ത്യയിലേക്ക് പൂർണ്ണസമയ സുവിശേഷപ്രവർത്തനത്തിനായി വരുന്നത് മുൻകാലങ്ങളെ അപേക്ഷിച്ച് പത്തു ശതമാനമായി ചുരുങ്ങിയതായി കണക്കുകൾ വ്യക്തമാക്കുന്നു. ഓരോ വർഷം കഴിയും തോറും ശതമാനകണക്ക് താഴ്ഴോട്ടു പോകുകയാണ്. ഉദാഹരണമായി ഗുജറാത്തിലെ കാര്യം എടുക്കാം. കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ ഒരു മലയാളിയും സുവിശേഷപ്രവർത്തനത്തിനായി കടന്നുവന്നിട്ടില്ല. ആകെയുള്ള 26 ജില്ലകളിൽ പകുതിജില്ലകളിലും നമ്മുടെ സുവിശേഷകൻമാർ ഇല്ല. ഇതേ അവസ്ഥയാണ് ഉത്തരേന്ത്യയിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളുടെയും അവസ്ഥ. അതേ സമയം പ്രാദേശികരായവരുടെ കണക്കുകളിൽ അല്പം കുതിപ്പുകാണുകയും ചെയ്യുന്നു.

ഇതിന്റെ കാരണം നാം കണ്ടെത്തേണ്ടിയിരിക്കുന്നു. ഒരു വിചിന്തനത്തിനു നാം തയ്യാറാകണം. നമ്മുടെ മനോഭാവത്തിലും പ്രവൃത്തിയിലും മാററം വരുത്തണം. ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ ദർശനമുള്ളവർ ശുശ്രൂഷിക്കാൻ വരുവാൻ നാം പ്രാർത്ഥിക്കണം.

ശരിയായ ദർശനം പ്രാപിച്ച ചില വ്യക്തികളിൽ കൂടെയും സഭകളിൽ കൂടെയുമാണ് ഇന്ന് സുവിശേഷപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. ഇങ്ങനെയുള്ളവർ നമ്മുടെയിടയിൽ വിരലിലെണ്ണാവുന്നവർ മാത്രമാണ്. ഒരു വ്യക്തിയുടെ അല്ലെങ്കിൽ ഒരു സഭയുടെ സഹായത്താൽ വലിയശുശ്രൂഷകൾ ചെയ്യുന്നവരെയും പല ദൈവദാസൻമാരെ എളിയ നിലയിൽ സഹായിക്കുന്നവരും ഉണ്ട്. അങ്ങനെയുള്ളവ അതിന്റെ ലക്ഷ്യം കണ്ടെത്തികൊണ്ടിരിക്കയും ചെയ്യുന്നു. ഇതാണ് ശരിയായ ദൈവീക ദർശനം. ഇത്തരത്തിലുള്ളവരുടെ സഹായം വിപ്ളവകരമായ മാററമാണ് ചില പ്രവർത്തനങ്ങളോടുള്ള ബന്ധത്തിൽ ഉണ്ടാക്കുന്നത്. ഇങ്ങനെയുള്ള ദർശനം പ്രാപിച്ചവർക്ക് ഒരു ചിന്ത മാത്രമെയുള്ളു. ദൈവനാമം മഹത്വപ്പെടണം. ലഭിച്ചിരിക്കുന്ന ആത്മിയ ദർശനം ആയിരിക്കുന്ന സ്ഥാനത്തിരുന്നു കൊണ്ട് സുവിശേഷത്തിന്റെ അഭിവൃദ്ധിക്കായി പ്രായോഗികമായി അവർ നിറവേററുന്നു.

ഇങ്ങനെ ദർശനം പ്രാപിച്ചവർക്ക് മററുള്ളവരുടെ പ്രേരണയാൽ ലഭിച്ച ദർശനത്തിന്റെ ശോഭയെ മങ്ങലേൽപിക്കുവാൻ കഴിയുകയില്ല. കാരണം അവരെ നയിക്കുന്നത് പരിശുദ്ധാത്മാവാണ്. അതേ ഈ നിലയിൽ ദർശനം പ്രാപിച്ചവർ നമ്മുടെയിടയിൽ നിന്ന് എഴുന്നേല്ക്കണം. ശരിയായ ദർശനം ഇല്ലാതെ സ്വന്ധബന്ധം നോക്കിയും ഇഷ്ടത്തിനനുസരിച്ചും എന്തെങ്കിലും ചെയ്യുന്നുവെങ്കിൽ അത് ദിവ്യദർശനത്താൽ ചെയ്യുന്നതാണെന്ന് പറയുക വൈവചനത്തിനടിസ്ഥാനത്തിൽ സാദ്ധ്യമല്ല. പ്രിയ വായനക്കാരാ, ശരിയായ ദർശനത്തോടെ എഴുന്നേല്ക്കുക. ഇന്നുതന്നെ പ്രവൃത്തിതുടങ്ങുക. (SP)

# യേശുവിന്റെ സൗമ്യതയും ചങ്കൂററവും

DR.P.K.SAM-MALLASSERY

ഇന്നത്തെ സംസ്ക്കാരത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന അനുഗ്രഹീതമായ ഒരു സദ്ഗുണമാണ് സൗമ്യത എന്നുള്ളത്. എന്റെ വീണ്ടെടുപ്പുകാരനായ യേശുവിനെക്കുറിച്ച് ചിന്തിക്കുന്ന അവസരത്തിൽ ചിലപ്പോൾ തന്റെ സൗമ്യതയും ചങ്കൂററവും ഓർമയിൽ വരാറുണ്ട്. എന്താണ് സൗമ്യത? ദൈവം ആദരിക്കുന്ന എളിയ സ്വഭാവത്തിന്റെ മുഖമുദ്രയാണ് സൗമ്യത. അതേസമയം അനീതിയോടു പോരാടുവാനുള്ള കർമ്മകുശലതയാണ് ചങ്കൂററത്തെ അനുസ്മരിപ്പിക്കുന്നത്. ആദ്യമായി സൗമ്യതയെക്കുറിച്ച് പരാമർശിക്കാം.

നിശ്ചയമായും യേശുവാണ് സൗമ്യതയുള്ളവരിൽവെച്ച് ശ്രേഷ്ഠമായ മാതൃക കാണിച്ചിട്ടുള്ളത്. അവൻ സൗമ്യതയുടെ നിറകുടംതന്നെയായിരുന്നു. നിരവധി ഉദാഹരണങ്ങൾ തിരുവെഴുത്തിൽ കാണാം. ശിഷ്യൻമാരുടെ കാൽ കഴുകിയാണ് സൗമ്യതയുടെ മാതൃക ജീവിതത്തിൽ പ്രായോഗികമായി കാണിച്ചുകൊടുത്തത്. സൗമ്യതയുള്ളവർക്ക് തന്റെ വഴി പഠിപ്പിച്ചുകൊടുക്കുന്നുവെന്ന് സങ്കീ 25:9-ൽ പറയുന്നു. യേശു താഴ്മയുള്ളവനായിരുന്നതുകൊണ്ടാണ് പിതാവാം ദൈവം പാപികളെ രക്ഷിക്കുവാൻ യേശുക്രിസ്തുവിനെ തിരഞ്ഞെടുത്തത്. മനുഷ്യരാൽ പീഡിപ്പിക്കപ്പെട്ടിട്ടും മറുത്തൊന്നും പറയാതെ അവന്റെ സൗമ്യത സകലർക്കും കാണിച്ചുകൊടുത്തു. സൗമ്യതയുള്ളവനായ ക്രിസ്തുവിന്റെ നുകം ഏററുകൊണ്ട് താഴ്മയുടെ വിലപ്പെട്ട പാഠങ്ങൾ നാം ഉൾക്കൊള്ളണം.പൗലോസും അതു തന്നെയാണ് നമ്മെ പഠിപ്പിക്കുന്നത്.എഫെ 4:2. മാത്രമല്ല ദൈവവചനം നാം ഉൾക്കൊള്ളുമ്പോഴും സൗമ്യത അനിവാര്യമാണെന്നു യാക്കോബും നമ്മെ ഓർമ്മിപ്പിക്കുന്നു. (യാക്കോ 1:21).

സൗമ്യത എന്തെന്ന് നമ്മെ മനസ്സിലാക്കുന്ന മറെറാരു വേദഭാഗമുണ്ട് 1 പത്രോ 3:4. സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയ ഭൂഷണമായ ഹൃദയത്തിന്റെ ഗൂഢ മനുഷ്യൻതന്നെ ആയിരിക്കണം. നാം എന്തു പറയുന്നുവെന്നതിനെക്കാൾ നാം എന്തായിരിക്കുന്നുവെന്നതാണ് മററുള്ളവരുടെ മേൽ നമുക്കുള്ള സ്വാധീനം ആശ്രയിച്ചിരിക്കുന്നത്. ബാഹ്യമായ യാതൊരു അലങ്കാരവും സൗന്ദര്യഭ്രമവും ശാന്തസ്വഭാവമായ സൗമ്യസ്വഭാവത്തോട് മൂല്യത്തിലും ഭംഗിയിലും താരതമ്യം ചെയ്യുവാൻ കഴിയുകയില്ല. അങ്ങനെ സൗമ്യതയുള്ളവർ ഭാഗ്യവാൻമാരെന്നും, അവരാണ് ഭൂമിയെ അവകാശമാക്കുന്ന തെന്നും തിരുവചനം പ്രസ്താവിക്കുന്നു.(മത്താ 5:5).

യഹോവയായ ദൈവം തന്റെ പുത്രനായ യേശുവിന് സകലനാമത്തിനും മേലായ നാമം നൽകി ഉയർത്തിയതിന്റെ കാരണം മറെറാന്നുമല്ല.താഴ്മ തന്നെ. താഴ്മയുള്ളവനെ ദൈവം ഉയർത്തുന്നുവെന്നു നാം വായിക്കുന്നുവല്ലോ. രാഷ്ട്രപിതാവായ മഹാത്മഗാന്ധി യേശുവിനെ മാതകയാക്കിയിരുന്നു. തെക്കേ ആഫ്രിക്കയിൽ ആയിരിക്കുമ്പോൾ ഒരു പോലിസുകാരൻ ബൂട്ട്സിട്ട കാലുകൊണ്ട്



ഗാന്ധിജിയുടെ പല്ല് ചവിട്ടി തെറിപ്പിച്ചപ്പോൾ പ്രതികരിച്ചത് ഇപ്രകാരമാണ് സ്നേഹിതാ എന്റെ പല്ലിന്റെ മുനകൊണ്ട് താങ്കളുടെ കാൽ മുറിഞ്ഞുവോ. സൗമ്യതയുടെ വാക്കുകൾ എത്ര മനോഹരം. വാസ്തവത്തിൽ സൗമ്യതയെന്തെന്നു പഠിക്കുവാനുള്ള സർവകലാശാലയായിരുന്നു യേശുക്രിസ്തു. പീലാത്തോസിന്റെ ആളുകൾ പിടിക്കുവാനായി വന്നപ്പോൾ യേശു സൗമ്യമായി ചോദിച്ചതിങ്ങനെയാണ്. നിങ്ങൾ വാളും വടിയുമായി എന്തിനാണ് എന്റെ അടുക്കൽ വരുന്നത്. സൗമ്യതയുള്ളവന് ആയുധത്തിന്റെ ആവശ്യമില്ല. രക്ഷിക്കപ്പെട്ടവരെന്നഭിമാനിച്ചു നടക്കുന്ന ക്രൈസ്തവ നേതാക്കളുടെയും, വിശ്വാസികളുടെയും സൗമ്യത അഹങ്കാരമായി മാറിയിരിക്കയാണ്. ക്രിസ്തുവിൽ നിന്നു ആ സദ്ഗുണം പഠിക്കാതെ പകർത്താതെ, നിഗളവും മുഖസ്തുതിയും സ്വർത്ഥ പ്രസംഗവും മുതലാക്കി അവർ എന്തിനാണ് ചുററിനടക്കുന്നത്. ഇതിന്റെയെല്ലാം പിന്നിലെ പ്രചോദനം പണമല്ലേ. പണവും പ്രതാപവും സൗന്ദര്യവും മററും പൊക്കിപ്പിടിച്ച് എളിയവരോടു അനുകമ്പകാട്ടാതെയും കൂട്ടു സഹോദരങ്ങളോടു സഭയിൽ സമത്വം പാലിക്കാതെയും തങ്ങളാണുന്നതരെന്നു ചമയുകയാണവർ. പ്രിയരെ നിങ്ങൾ സഹവിശ്വാസികളുടെ പാദം കഴുകിയില്ലെങ്കിലും ഒരു ചെറു പുഞ്ചിരിയോടെ ഹസ്തദാനമെങ്കിലും ചെയ്യുക. എടാ പോടാ എന്ന വിളി ഒഴിവാക്കുക. നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയട്ടെ.

ഇനിയും ചങ്കൂററത്തെക്കുറിച്ചാണ് പറയാനുള്ളത്. യേശുവിന്റെ ചങ്കൂററ സ്വഭാവം എനിക്കിഷ്ടമാണ്. അജ്ഞരെയും നിഗളികളെയും പഠിപ്പിച്ചെടുക്കുവാൻ ചങ്കൂററവും നമുക്കാവശ്യമാണ്. ചങ്കുററം സൗമ്യതയിൽ അധിഷ്ഠിതമായിരിക്കണം. യേശു ചങ്കൂററം കാണിച്ചപ്പോഴൊക്കെ സൗമ്യതയുടെ സീമ ലംഘിച്ചിരുന്നില്ല. ചങ്കൂററ സ്വഭാവം സൗമ്യതയുടെ രമണീയതയെ കെടുത്തിക്കളയരുത്. സൂക്ഷ്മതയോടെയും സദുദ്ദേശത്തോടെയും വേണം ചങ്കൂററം പ്രകടിപ്പിക്കുവാൻ. അത് അപരന് ദോഷം വരാതെ ഗുണത്തിൽ അവസാനിക്കുകയും വേണം. പരീശൻമാരെ ശവക്കല്ലറകളെ എന്നു വിളിച്ചതും, എമ്മുവസിലേക്കുപോയവരെ മന്ദബുദ്ധികളെന്നു വിളിച്ച് കൂടെ നടന്നതും നീതിയും സത്യവും സംരക്ഷിക്കുവാനുള്ള യേശുവിന്റെ ചങ്കൂററം വെളിപ്പെടുത്തു കയായിരുന്നു. അതുപോലെ കുറുക്കൻ എന്ന സംബോധനയിലൂടെ രാജാവിനെ അധിക്ഷേപിച്ചതും ഒക്കെ യേശുവിന്റെ ചങ്കൂററമായിരുന്നു.

തിരുവചനത്തിൽ നിരവധി ഉദാഹരണങ്ങൾ ഉണ്ട്. രാജാവിന്റെ ബിംബത്തെ നമസ്ക്കരിക്കേണമെന്ന മേദ്യനായ ദാര്യാവേശിന്റെ കല്പനയെ കാററിൽ പറത്തിക്കൊണ്ട് ദിവസംപ്രതി മൂന്നുപ്രാവശ്യം യഹോവയോടു പ്രാർത്ഥിച്ച ദാനിയേലും, എതിരാളികൾ വാദപ്രതിവാദം ചെയ്തപ്പോൾ കൃപയും ശക്തിയും നിറഞ്ഞവനായി ചങ്കൂററത്തോടെ ഒരു ചരിത്രപ്രസംഗം നടത്തി വീരചരമം പ്രാപിച്ച സ്തേഫാനോസും ചങ്കൂററത്തിന്റെ മകുടോദാഹരണങ്ങളാണ്. മോശയെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ഏററവും സൗമ്യനായ മനുഷ്യൻ എന്നാണ്. ആവശ്യമുള്ളിടത്തു സൗമ്യതയും ഒപ്പം ചങ്കൂററവുമാകാമെന്ന് യേശു കാണിച്ചുതന്നത് നമുക്കും പകർത്താം. ചാട്ടയെടുക്കാമെങ്കിലം പ്രയോഗം വേണ്ട.

# ദൈവസഭഃ അതിനു യേശുവിന്റെ നാമം മാത്രം മതിയായത്

(തുടർച്ച)

C.H.MACKINTOSH

പരിഭാഷ - P.D.CHACKO-KURUMATHOOR

ഇനിയും നമുക്കു നമ്മുടെ മൂന്നാമത്തെ പോയിന്റിലേക്കു കടക്കാം. ഈ സഭ കൂടിവരുന്നതിനു ആധാരമായ ശക്തി എന്താണ്. ഇവിടെയും മനുഷ്യനെയും അവന്റെ പ്രവൃത്തികളെയും മാററിനിർത്തിയിരിക്കുന്നു. മനുഷ്യന്റെ ഇഷ്ടത്തിനനുസരിച്ചല്ല ഇവിടെ തിരഞ്ഞെടുത്തിരിക്കുന്നത്. മനുഷ്യന്റെ യുക്തിക്കനുസരിച്ചല്ല കണ്ടെത്തുന്നതും; മനുഷ്യന്റെ വിധികൾക്കനുസരിച്ചുള്ള ആജ്ഞകളും അവിടെ ഇല്ല; മനുഷ്യന്റെ മനസാക്ഷിക്കനുസരിച്ചല്ല ഇവിടെ കാര്യങ്ങൾ സംഭവിക്കുന്നതും; അവിടെ പരിശുദ്ധാത്മാവാണ് ആത്മാക്കളെ യേശുവിന്റെ അടുക്കലേക്ക് കൂട്ടിവരുത്തുന്നത്. യേശുക്രിസ്തു മാത്രം അതിന്റെ കേന്ദ്രമായിരിക്കുന്നതുപോലെ പരിശുദ്ധാത്മാവ് മാത്രമാണ് ആ കൂടിവരവിനു പിമ്പിൽ പ്രവർത്തിക്കുന്ന ഒരേ ഒരു ശക്തി. അവിടെ ഓരോ മനുഷ്യനും മററ് ഓരോരുത്തരെയുംപോലെ സ്വതന്ത്രമായിരിക്കുന്നു. അവിടെ രണ്ടോ മൂന്നോ പേർ... കൂടിവരുന്നു. അവിടെ പറഞ്ഞിരിക്കുന്നത് *രണ്ടോ മൂന്നോപേർ സമ്മേളിക്കുന്നിടത്തൊക്കെയും എന്നല്ല.* വ്യക്തികൾ ഏതെങ്കിലും ഒരു കേന്ദ്രത്തിനും ചുററും ഏതെങ്കിലും അടിസ്ഥാനത്തിൽ ഏതെങ്കിലും താത്പര്യസാദ്ധ്യത്തിനായി സമ്മേളിച്ച് ഒരു സംഘമോ ഒരു സംഘടനയോ ഒരു സമുദായ സമൂഹമോ രൂപത്കരിച്ചുവെന്നു വരാം. എന്നാൽ പരിശുദ്ധാത്മാവ് രക്ഷിക്കപ്പെട്ട വ്യക്തി കളെ ക്രിസ്തുവിങ്കലേക്കു മാത്രം കൂട്ടിവരുത്തുന്നു.

ഒരു സഭ ആ സ്ഥലത്തുള്ള ദൈവത്തിന്റെ സകലവിശുദ്ധൻമാരും ചേർന്നതായിരിക്കണമെന്നില്ല. അങ്ങനെയാകുമ്പോൾ അവർ ആ സ്ഥലത്തുള്ള ദൈവസഭയാണെന്നു പറയുവാൻ നിർവാഹമില്ല. എന്നാൽ അവർ ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവങ്ങൾ എന്ന നിലയിൽ കൂടിവരികയാണെങ്കിൽ അവർ ദൈവസഭയുടെ അടിസ്ഥാനത്തിൽ കൂടിവരുന്നവരാണ്.

ഇത് ഏററവും ലളിതമായ ഒരു സത്യമാണ്. പരിശുദ്ധാത്മാവിനാൽ നടത്തപ്പെടുന്ന ഒരു വ്യക്തി കർത്താവിന്റെ നാമത്തിൽ മാത്രമെ കൂടിവരികയുള്ളു; മറെറന്തിന്റെയെങ്കിലും നാമത്തിലാണ് കൂടിവരുന്നതെങ്കിൽ- അത് ഒരു ഉപദേശസത്യമായികൊള്ളട്ടെ, ഒരു കല്പനയല്ലെങ്കിൽ മറെറാന്നായികൊള്ളട്ടെ-അങ്ങനെ കൂടിവരുന്നത് പരിശുദ്ധാത്മാവിനാൽ നടത്തപ്പെട്ടിട്ടല്ല. ഇത് നിത്യജീവനേയോ രക്ഷയേയോ സംബന്ധിച്ച കാര്യമല്ല.. ക്രിസ്തുവിനെ സ്വീകരിച്ച് രക്ഷ പ്രാപിച്ച ആയിരക്കണക്കിനാളുകൾ അവനെ തങ്ങളുടെ കേന്ദ്രമായി അംഗീകരിക്കാത്ത നിലയിൽ മറെറന്തിന്റെയെങ്കിലും നാമത്തിൽ കൂടിവരുന്നുണ്ട്. അവർ ഏതെങ്കിലും വിധത്തിലുള്ള സഭാ ഭരണസംഘത്തിന്റെ പേരിലോ ഏതെങ്കിലും കല്പനകളുടെപേരിലോ ..

➲ 6



ഏതെങ്കിലും സ്വാധീന ശക്തിയുള്ള മനുഷ്യരുടെപേരിലോ ആയിരിക്കാം കൂടിവരുന്നത്. ഇത്തരത്തിലുള്ള യാതൊന്നി നോടും പരിശുദ്ധാത്മാവ് ആരെയും ഒരിക്കലും കൂട്ടിവരുത്തുകയില്ല. ഉയിർത്തെഴു ന്നേററ ക്രിസ്തുവിനോടു മാത്രമെ അവൻ കൂട്ടിവരുത്തുന്നുള്ളു. ഈ ഭൂമുഖത്തുള്ള മുഴുവൻ ദൈവസഭയുടെയും കാര്യത്തിൽ ഇതാണ് സത്യം; ഓരോ പ്രാദേശിക സഭയും ഈ മുഴു ദൈവസഭയെ പ്രതിഫലിപ്പിക്കുന്ന അതാതു സ്ഥലങ്ങളിലുള്ള കൂടിവരവുകളാണ്.

ഇനിയും ഒരു സഭാ കൂടിവരവിൽ വ്യാപരിക്കുന്ന ശക്തി, ഓരോ വ്യക്തിയും യേശുവിന്റെ നാമത്തോട് എത്രമാത്രം ഹൃദയപരമാർത്ഥതയോടെ ചേർന്നിരിക്കുന്നുവെന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്. ചില പ്രത്യേക അഭിപ്രായങ്ങൾ പുലർത്തുന്ന ഒരു വിഭാഗത്തിന്റെ അടുത്തേയ്ക്കാണ് ഒരാൾ ചേർന്നിരുന്നതെങ്കിൽ- ഒരു കൂട്ടം ആൾക്കാരോടോ ഒരു ഉപദേശത്തോടോ ആണ്. അയാൾക്കു താത്പര്യം എങ്കിൽ-മറെറാരു വിധത്തിൽ പറഞ്ഞാൽ, പരിശുദ്ധാത്മശക്തിയാൽ ദൈവസഭയുടെ യഥാർത്ഥ കേന്ദ്രമായ ക്രിസ്തുവിനോടല്ല ഒരാൾ ചേർന്നു വരുന്നതെങ്കിൽ അയാൾ ഒരു ഇടർച്ചയായി മാറിയേക്കാം. ഒരു ഭാരമായി, ബലഹീനതയ്ക്കു കാരണക്കാരനായി തീർന്നേക്കാം. അയാൾ ആ സഭയിൽ വിളക്കിന്റെ കരിന്തിരി എന്നപോലെ ദോഷം വരുത്തുന്നവനായി മാറിയേക്കാം; അവിടെയുള്ള മററു സഹോദരങ്ങളോടു ചേർന്നു പ്രകാശിച്ചു പ്രയോജനപ്പെടുന്നതിനു പകരം അയാൾ അതിനെല്ലാം വിപരീതഫലമുള്ള വാക്കുന്നവനായി തീർന്നേക്കാം.

ഇതെല്ലാം അങ്ങേയററം പ്രായോഗികമാണ്. ഞാൻ എന്തുകൊണ്ടാണ് ഒരു സഭയോടു ചേർന്നിരിക്കുന്നതെന്നും അവിടെ എന്റെ പ്രവർത്തനരീതികൾ എങ്ങനെയുള്ളതെന്നു ചിന്തിക്കയും ആത്മ പരിശോധന നടത്തുകയും ചെയ്യേണ്ടതാണ്. തങ്ങളുടെ നിലപാടുകൾ എങ്ങനെയുള്ളതെന്നു മനസ്സിലാക്കാൻ ശ്രമിക്കാത്ത ചില വ്യക്തികളുടെ സാന്നിദ്ധ്യത്താൽ ചില സഭകളുടെ സ്വരവും സാക്ഷ്യവും വല്ലാതെ മങ്ങിപ്പോയിട്ടുള്ളതായി ഞങ്ങൾക്കു അറിയാൻ കഴിഞ്ഞിട്ടുണ്ട്. ചിലർ ഒരു സ്ഥലം സഭയിൽ ആയിരിക്കുന്നത് മറെറവിടെയെങ്കിലും ലഭിക്കാത്ത വചന പോഷണവും അനുഗ്രഹങ്ങളും അവിടെ ഉള്ളതുകൊണ്ടു മാത്രമാണ്. ചിലർ അവിടെ വരുന്നത് ആരാധനയുടെ ലാളിത്യം കണ്ടുകൊണ്ടു മാത്രമാണ്. മററുള്ളവർ അവിടെയുള്ളവരുടെ സ്നേഹപൂർണ്ണമായ പെരുമാററങ്ങൾ കണ്ടുകൊണ്ടാണ്. ഈ പറഞ്ഞ കാര്യങ്ങളൊന്നുമല്ല ലക്ഷ്യമായിരിക്കേണ്ടത്. നാം ഒരു സഭാ കൂടിവരവിലായിരിക്കേണ്ടത് അവിടെ യേശുവിന്റെ നാമം മാത്രമാണ് അവരുടെ കൂടിവരവിന്റെ അടിസ്ഥാനമായി അവർ സ്വീകരിച്ചിരിക്കുന്നത് എന്ന ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിലും പരിശുദ്ധാത്മാവാണ് നമ്മെ അവിടെ കൂട്ടിവരുത്തിയിരിക്കുന്നത് എന്ന കാരണത്താലുമായിരിക്കണം.

ഒരു സംശയവും വേണ്ട ശുശ്രൂഷ ഏററവും വലിയതാണ്, എല്ലാം ക്രമമായി നടക്കുന്ന സ്ഥലങ്ങളിൽ ശക്തിയേറിയ നിലയിലായാലും അല്ലെങ്കിലും നമുക്കു അതു ലഭിക്കും. ആരാധനയുടെ ലാളിത്യത്തെ സംബന്ധിച്ചും അങ്ങനെ തന്നെ. ദൈവിക സാന്നിദ്ധ്യബോധത്തോടെ പരിശുദ്ധാത്മാവിന്റെ പൂർണ്ണമായ നിയന്ത്രണത്തിനു വിധേയപ്പെട്ടുകൊണ്ട്

➲ 7

നാം ദൈവസന്നിധിയിലായിരിക്കുമ്പോൾ തീർച്ചയായും നമ്മൾ ലാളിത്യമുള്ളവരും പരമാർത്ഥതയുള്ളവരും നേരുള്ളവരും ആയിരിക്കും. സ്നേഹത്തെ സംബന്ധിച്ചിടത്തോളം നാംഅതിനെ തേടിപ്പോയാൽ നിരാശയായിരിക്കും ഫലം; അതേ സമയം നാം അതിനെ വളർത്തുകയും പ്രകടിപ്പിക്കുകയും ചെയ്യുകയാണെങ്കിൽ നാം പ്രതീക്ഷിക്കുന്നതിലും അർഹിക്കുന്നതിലും അധികമായി അതു നമുക്കു ലഭിക്കും.

സാധാരണയായി നാം കാണാറുള്ളത്, മററുള്ളവർക്ക് തീരെ സ്നേഹമില്ല എന്നു സ്ഥിരമായി പരാതി പറഞ്ഞുകൊണ്ടിരിക്കുന്നവർ സ്നേഹിക്കുന്നതിൽ സ്വയം പരാജിതരായിപ്പോകുന്നതാണ്. നേരെ മറിച്ച് സ്നേഹത്തിൽ നടക്കുന്നവരെ നോക്കുക, അവർ പറയും ഞങ്ങൾ അർഹിക്കുന്നതിലും ആയിരം മടങ്ങു സ്നേഹം ഞങ്ങൾക്കു ലഭിക്കുന്നുണ്ട്. വെള്ളമില്ലാതെ ഉണങ്ങികിടക്കുന്ന പമ്പിൽ നിന്ന് നമുക്കു വെള്ളം ലഭിക്കണമെങ്കിൽ നാം കുറച്ചുവെള്ളം അതിലേക്കു ഒഴിച്ചു കൊടുക്കണമെന്ന കാര്യം ഓർക്കുക. ഒരു പക്ഷേ ആ പമ്പിന്റെ കൈപ്പിടിയിൽ പിടിച്ച് നിങ്ങൾ തളരുന്നതുവരെ അതു പ്രവർത്തിച്ചു നോക്കിയിട്ടുണ്ടാകാം. ഒടുവിൽ ഫലമില്ലാതെ ക്ഷമ നശിച്ച് നിരാശയോടെ നിങ്ങൾ പമ്പിനെ കുററം പറഞ്ഞു കൊണ്ട് മടങ്ങിപ്പോകും. എന്നാൽ നിങ്ങൾ അതിന്റെ കുഴലിലേയക്കു കുറച്ചു വെള്ളം ഒഴിച്ചുകൊടുത്താൽ നിങ്ങളുടെ സകല ആവശ്യങ്ങൾക്കും മതിയായ വെള്ളം നിങ്ങൾക്കു തിരികെ കിട്ടും.

ഒരു സ്ഥലം സഭയിൽ ഓരോരുത്തരും പരിശുദ്ധാത്മാവിനാൽ നടത്തപ്പെട്ട് യേശുവിന്റെ ചുററും മാത്രം കൂടിവരികയാണെങ്കിൽ ആ സഭ എങ്ങനെയുള്ളതായിരിക്കും എന്ന കാര്യത്തെക്കുറിച്ച് നമുക്കു ചെറിയ ഒരു ധാരണ മാത്രമെയുള്ളുവെന്നു കരുതേണ്ടിയിരിക്കുന്നു. അങ്ങനെ കൂടിവരുന്നുവെങ്കിൽ ആ കൂടിവരവ് ഒരിക്കലും വിരസമായതോ വിഷമകരമായതോ പ്രയോജനമില്ലാത്തതോ ആയി ബുദ്ധിമുട്ടനുഭവപ്പെടുന്ന ഒന്നാണെന്നു പരാതി പറയേണ്ടി വരികയില്ല. ജഡസ്വഭാവവും അതിന്റെ വിശുദ്ധീകരിക്കപ്പെടാത്ത സ്വാഭാവിക പ്രവർത്തനങ്ങളും അതിക്രമിച്ചു കടന്നുവരുമെന്നു ഭയപ്പെടേണ്ട കാര്യവുമില്ല. അവിടെ റെഡിമേയ്ഡ് പ്രാർത്ഥനകിളില്ല, പ്രഭാഷണത്തിനുവേണ്ടിയുള്ള പ്രഭാഷണങ്ങളില്ല, മൗനം ഭജിക്കുക എന്ന വിചാരത്താൽ മാത്രം തത്രപ്പെട്ടു പാട്ടുപുസ്തകത്തിന്റെ താളുകൾ മറിച്ചു തിരഞ്ഞെടുക്കുന്ന പാട്ടുകളില്ല. കർത്താവിന്റെ സന്നിധിയിൽ ഓരോരുത്തരും അവരവരുടെ സ്ഥാനം മനസ്സിലാക്കുന്നു. കൃപ ലഭിച്ച ഓരോ പാത്രവും ഉപയോഗ്യമായി യജമാനന്റെ കൈയാൽ ഉപയോഗിക്കപ്പെടുന്നുള്ള ഓരോ കണ്ണും യേശുവിന്റെ നേർക്കു നോക്കുന്നു. ഓരോ ഹൃദയവും അവനാൽ നിറയപ്പെടുന്നു. ആരെങ്കിലും ഒരു അദ്ധ്യായം വായിച്ചാൽ അവിടെ ശ്രദ്ധിക്കപ്പെടുന്നത് ദൈവത്തിന്റെ അതേ ശബ്ദമായിരിക്കും. ആരെങ്കിലും ഒരു വാക്കു സംസാരിച്ചാൽ അത് അതി ശക്തിയോടെ ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങുന്നതായിരിക്കും. പ്രാർത്ഥിക്കുന്നുവെങ്കിൽ അതിൽ ജാഗരിക്കുന്ന സകലരുടെയും ഹൃദയങ്ങളെ ദൈവസന്നിധിയിലേക്കുതന്നെ ഉയർത്തും. ഒരു പാട്ടുപാടിയാൽ അത് അവിടെയുള്ള സകലരുടെയും ആത്മാക്കളെ ദൈവത്തിങ്കലേക്ക് ഉയർത്തുന്നതും സ്വർഗ്ഗത്തിലെ വീണ കമ്പിനാദംപോലെ ശ്രുതിമധുരവുമായിരിക്കും.

➲ 10



# BLESSED NEW YEAR

Johnson Ponmanissery-Trichur

**B** - BE STRONG AND COURAGEOUS- -----------------JOSHUA-1;6

**L** - LOVE THE LORD YOUR GOD WITH ALL YOUR HEART AND WITH ALL YOUR SOUL AND WITH ALL YOUR MIND AND WITH ALL YOUR STRENGTH.LOVE YOUR NEIGHBOR AS YOURSELF. --------------------MARK-12;30-31

**E** - ENDURE HARDSHIP-----LIKE GOOD SOLDIER OF CHRIST JESUS----------------11-THIMOTHY-2;3

**S** - SEEK FIRST HIS KINGDOM AND HIS RIGHTEOUSNESS---------------------------MATHEW--6;33

**S** - SING TO THE LORD A NEW SONG-------------------PSALM-96;1

**E** - EXALT THE LORD OUR GOD----------HE IS HOLY-------------------------------------PSALM-99;5

**D** - DO WHAT IS RIGHT AND GOOD IN THE LORDS SIGHT,SO THAT IT MAY GO WELL WITH YOU--------------------------------DEUTRONOMY-6;18

**N** - NEVER FORGET THE PRECEPTS OF THE LORD------------------------------------------------------PSALM-119;93

**E** - EXAMINE YOURSELF TO SEE WHETHER YOU ARE IN THE FAITH---------------------------------------11 CORINTHIANS- 13;5

**W** - WALK WORTHY OF THE CALLING YOU HAVE RECEIVED--------------------------------EPH-4;1

**Y** - YIELD YOURSELF TO GOD-------------ROMANS- 6;13

**E** - ENTER HIS GATES WITH THANKS GIVING-------------------------------------PSALM -100;4

**A** - ABSTAIN FROM SINFUL DESIRES,WHICH WAR AGAINST YOUR SOUL--------------------------------1-PETER-2;11

**R** - REMEMBER THE LORD,WHO IS GREAT AND AWESOME---------------------NEH-4;14

REMEMBER THE WONDERS HE HAS DONE-----------------------1-CHR-16;12

# ഹാബേലിന്റെ യാഗം

Jessy Benson

ദൈവത്തെ പ്രസാദിപ്പിക്കേണ്ടതിനായിരുന്നു കയീനും ഹാബേലും ദൈവസന്നിധിയിൽ വഴിപാട് കൊണ്ടുവന്നത്. എന്നാൽ യഹോവ ഹാബേലിലും അവന്റെ വഴിപാടിലും പ്രസാദിച്ചു. കയീനിലും അവന്റെ വഴിപാടിലും പസാദിച്ചില്ല.(ഉല്ഃ4,5). എബ്രായ ലേഖനത്തിലെ വിശ്വാസത്താൽ ഹാബേൽ ദൈവത്തിന് കയീന്റേതിലും ഉത്തമമായ യാഗം കഴിച്ചു എന്നു രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും വിശ്വാസത്തിന്റെ അഭാവമായിരുന്നു കയീൻ അർപ്പിച്ച യാഗത്തിന്റെ പോരായ്മയെന്ന് വ്യക്തമാകുന്നു.(11ഃ4).

കാണാത്തവയെങ്കിലും പ്രത്യാശവെച്ചിരിക്കുന്ന കാര്യങ്ങളുടെ ഉറപ്പാണല്ലോ വിശ്വാസം. ആ വിശ്വാസത്തിൻമേൽ മാത്രം മുന്നേറുന്ന ജീവിതമാണ് വിശ്വാസ ജീവിതം. ദൈവം അരുളിച്ചെയ്തതെന്തോ അത് ചോദ്യം ചെയ്യാതെ അനുസരിക്കുന്നതിലൂടെയാണ് പൂർവ്വ പിതാക്കൻമാരൊക്കെയും തങ്ങളുടെ വിശ്വാസം വെളിപ്പെടുത്തിയിട്ടുള്ളത്. ദൈവത്തിന്റെ കല്പനയോ അനുഗ്രഹവാഗ്ദാനങ്ങളോ ദൈവഹിതമോ എല്ലാം, അത് പ്രായോഗിക ബുദ്ധിക്കും യുക്തിക്കും നിരക്കുന്നതല്ലെങ്കിലും സ്വീകരിക്കയും പ്രത്യാശിക്കയും അനുസരിക്കയും ചെയ്യുകയായിരുന്നു അവർ.

എന്നാൽ കയീനോ ഹാബേലിനോ തങ്ങൾ അർപ്പിക്കുന്ന വഴിപാടിന്റെ വിധമോ ക്രമമോ അർപ്പണ വസ്തുവോ സംബന്ധിച്ച് ദൈവം എന്തെങ്കിലും നിർദ്ദേശങ്ങൾ നല്കിയിരുന്നുവോ എന്ന് വെളിപ്പെടുത്തിയിട്ടില്ല. കയീന്റെ യാഗ ത്തിൽ ദൈവം പ്രസാദിക്കാതിരുന്നതിനെ തുടർന്നുണ്ടായ അവന്റെ ഭാവമാററ വും വാടിയ മുഖവും കണ്ടിട്ട് ദൈവം അവനോട് സംസാരിക്കുന്നുണ്ട്. അതിനു മുമ്പ് ഒരിക്കലും കയീനോ ഹാബേലോ ദൈവത്തോടു സംസാരിക്കുന്നതായിട്ടോ ദൈവം അവനോട് സംസാരിക്കുന്നതായിട്ടോ നാം കാണുന്നില്ല. എങ്കിലും നീ നൻമ ചെയ്യുന്നുവെങ്കിൽ പ്രസാദമുണ്ടാകയില്ലയോ എന്ന ദൈവത്തിന്റെ ചോദ്യത്തിൽ നിന്നും, അജ്ഞതകൊണ്ടല്ല കയീൻ തനിക്കു ബോധിച്ച പ്രകാരമുള്ള ഒരു വഴിപാട് കൊണ്ടുവന്നത് എന്നു വ്യക്തമാകുന്നു. നൻമ ചെയ്വാൻ അറിഞ്ഞിട്ടും അത് ചെയ്യാത്തവനു അത് പാപം തന്നെ എന്നു നാം വായിക്കുന്നുണ്ടല്ലോ.(യാക്കോ 4ഃ17). അവരവർക്കു ബോധിച്ച പ്രകാരമല്ല, ദൈവം നിഷ്ക്കർഷിച്ചിട്ടുള്ള വിധത്തിലും ക്രമത്തിലുമാണ് ദൈവത്തിനുള്ള വഴിപാടും യാഗവും ആരാധനയുമെല്ലാം അർപ്പിക്കപ്പെടേണ്ടത്.

വിശ്വാസത്താൽ ഹാബേൽ അർപ്പിച്ച യാഗം നിമിത്തം ദൈവം അവനിലും അവന്റെ യാഗത്തിലും പ്രസാദിച്ചുവെന്നു മാത്രമല്ല, അവനു നീതിമാൻ എന്നും അവന്റെ വഴിപാടിന് ഉത്തമമായ യാഗം എന്നും സാക്ഷ്യവും ലഭിച്ചു. ഭാഗ്യവശാൽ ഹാബേലിനു അങ്ങനെയൊരു സാക്ഷ്യം ലഭിച്ചതായിരുന്നില്ല. നീതീകരണം ലഭിക്കേണ്ടതിനും ഒപ്പം ദൈവപ്രസാദം ലഭിക്കേണ്ടതിനും ➡ 10



എങ്ങനെ യാഗം അർപ്പിക്കുവാൻ ദൈവം കല്പിച്ചിരുന്നുവോ അപ്രകാരം തന്നെ അവൻ ചെയ്തത് കൊണ്ടാണ് ആ സാക്ഷ്യം ലഭിച്ചത്. എന്നാൽ കയീൻ തനിക്കു ബോധിച്ച പ്രകാരമായിരുന്നു യാഗം അർപ്പിച്ചത്.

ദൈവം നല്കിയ ആലോചനയും വഴിപാടിനുള്ള മാർഗ്ഗനിർദ്ദേശവും അതേപടി വിശ്വസിക്കയും അനുസരിക്കയും ചെയ്തുകൊണ്ടാണ് ഹാബേൽ വഴിപാട് കൊണ്ടുവന്നത്. അതുനിമിത്തമാണ് അവനു നീതിമാൻ എന്ന സാക്ഷ്യം ലഭിച്ചത്. ദൈവത്തെ പ്രസാദിപ്പിക്കേണ്ടതിനായി അർപ്പിക്കുന്ന ഹോമയാഗത്തിന്റെയും പാപപരിഹാരത്തിനുള്ള പാപയാഗത്തിന്റെയും ദൈവത്തോട് സമാധാന നിയമം ചെയ്യുന്ന സമാധാനയാഗത്തിന്റെയും ഒക്കെ അന്തഃസത്ത ഉൾക്കൊള്ളുന്ന യാഗമായിരുന്നു അത്.

ദൈവപസാദം ലഭിക്കേണ്ടതിന് നാം അർപ്പിക്കേണ്ടത് നമ്മുടെ ശരീരങ്ങളെയാണ്. അത് ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായിട്ടാണ് അർപ്പിക്കേണ്ടത്. അവരവർക്ക് ബോധിച്ച പ്രകാരമുള്ള യാഗാർപ്പണങ്ങളും ആരാധനയും ഒന്നും ദൈവത്തിനു സ്വീകാര്യമാകയില്ല. തിരുവചനം അനുസരിക്കുന്ന വിധത്തിലുള്ള സമർപ്പണവും യാഗവും വഴിപാടും ആരാധനയുമാണ് നാം അർപ്പിക്കേണ്ടത്. അതു മാത്രമെ അവനു പ്രസാദമാകൂ. അതു മാത്രമെ അവൻ സ്വീകരിക്കൂ.

**ദൈവസഭ..... തുടർച്ച**

എഴുതിത്തയ്യാറാക്കിയ പ്രസംഗങ്ങൾ അവിടെ കേൾക്കേണ്ടി വരികയില്ല. ദൈവത്തെ ഉപദേശം പഠിപ്പിക്കുന്നുവെന്നു തോന്നുന്ന വിധത്തിലുള്ള പ്രസംഗ പ്രാർത്ഥനയോ പ്രഭാഷണപ്രാർത്ഥനയോ അവിടെ ഉണ്ടായിരിക്കുകയില്ല. നമ്മുടെ സ്വന്തം ഗുണങ്ങളെ പ്രകീർത്തിച്ചുകൊണ്ടുള്ള നീണ്ട പ്രാർത്ഥനയില്ല; നമ്മുടെ ചുററുപാടു മുള്ളവരെ ഉപദേശിച്ചുകൊണ്ടും നമ്മുടെ സ്വന്തം ജീവിതത്തിൽ മരുന്നിനുപോലും കാണപ്പെടാത്ത വിവിധ കൃപകൾ അവരിൽ ചൊരിയണമെ എന്നു ആവശ്യപ്പെട്ടുകൊണ്ടു പ്രാർത്ഥിക്കുന്ന പ്രാർത്ഥനയും അവിടെ കേൾക്കുവാൻ കഴികയില്ല. സംഗീതരസം ആസ്വദിക്കുന്നതിനുവേണ്ടി മാത്രമുള്ള പാട്ടുകൾക്ക് അവിടെ സ്ഥാനമില്ല. സ്വരഭംഗം സംഭവിച്ചാൽ അസ്വസ്തതയുണ്ടാകയുമില്ല. ഇത്തരം ദോഷങ്ങളെല്ലാം ഒഴിവാക്കേണ്ടതാണ്. നാം ആയിരിക്കുന്നത് വിശുദ്ധമന്ദിരത്തിൽ(ദൈവസന്നിധിയിൽ) തന്നെയാണെന്ന ബോധം നമുക്കുണ്ടായിരിക്കണം. സ്വർഗ്ഗീയ മന്ദിരത്തിൽ നാം ആരാധിക്കുമ്പോൾ നമുക്കു അനുഭവമാക്കുവാൻ പോകുന്ന സകലതും ഇവിടെ ഇപ്പോൾ നമുക്കു മുൻകൂട്ടി അനുഭവിക്കുവാൻ സാധിക്കണം, അതിനെ മറികടന്നുപോകരുത്. (തുടരും)

## ചിന്താരത്നങ്ങൾ

**ദൈവം വാക്കുകളില്ലാത്ത ഹൃദയത്തെ കേൾക്കും.**
**എന്നാൽ ഹൃദയമില്ലാത്ത വാക്കുകൾ കേൾക്കയില്ല.**
**നല്ല പ്രവൃത്തിളുടെ വേരാണ് വിശ്വാസം.**
**പ്രവൃത്തികളില്ലെങ്കിൽ വിശ്വാസം നിർജ്ജീവമാണ്.**

**- തോമസ് വിൽസൺ**

# പൌലൊസ്

**David.P.Issac-Rajkot**

ജീവനുള്ള കല്ലുകൾകൊണ്ട് പണിയപ്പെട്ടുകൊണ്ടിരിക്കുന്ന മനോഹര സൗധമായ ദൈവസഭയ്ക്ക് ലഭിച്ച അനുഗ്രഹീത വ്യക്തിത്വത്തിന്റെ ഉടമയത്രെ അപ്പോസ്തലനായ പൗലോസ്. ഒരിക്കൽ യൂദാ മതത്തിൽ തീഷ്ണതയോടെ പ്രവർത്തിച്ചു വന്ന ശൗൽ എന്ന പൗലോസ് താൻ മുടിച്ചു വന്ന മാർഗ്ഗത്തെയും ആ മാർഗ്ഗം പടുത്തുയർത്തുവാൻ വന്ന ക്രിസ്തുവിനെയും നേരിട്ടു ദർശിച്ചു. കർത്താവിനെ രക്ഷിതാവും മശിഹയായും സ്വീകരിച്ചു ഒരു പ്രേഷിത വര്യനായി. കർത്താവിൽ നിന്നും പ്രാപിച്ച മഹൽ സത്യങ്ങളും മശിഹായുടെ ജീവിതാനുഭവങ്ങളും അപ്പാടെ തന്റെ ജീവിതത്തിൽ പകർത്തി. 13ലധികം ലേഖനങ്ങൾ എഴുതി ക്രൈസ്തവ സഭയ്ക്ക് നൽകി. അതിൽ ഒട്ടധികം ഘനതരവും, ക്രിസ്തുത്വ പ്രധാനവും, ഭാവി പ്രത്യാശ പൂരിതമാക്കുവാൻ ഉപയുക്തമാക്കുന്ന ശാസ്ത്രീയ പഠനങ്ങളും ഉൾക്കൊള്ളുന്നതത്രെ. മശിഹായെ നേരിട്ടു ദർശിച്ച പൗലോസ് തന്റെ ജീവിതത്തിൽ വലിയ ദർശനമുള്ള വ്യക്തിയായി തിളങ്ങി.

### പൗലോസിന്റെ ദർശനത്തിന്റെ വിവിധ തലങ്ങൾ.

1. ക്രിസ്തു ദർശനം(അ.പ്ര.9:3-6)
2.സുവിശേഷഘോഷണ ദർശനം( അ.പ്ര.16:9)
3.സാക്ഷ്യത്തിന്റെ ദർശനം( അ.പ്ര.18:9)
4.മുന്നറിയിപ്പിന്റെ ദർശനം(അ.പ്ര 22:18)
5.പറുദീസയുടെ ദർശനം(അ.പ്ര.26:19).

പൗലോസിന്റെ ശുശ്രൂഷയിൽ നടന്ന അതിശയങ്ങൾ.

1. എലിമാസ് അന്ധത പിടിച്ചത്(അ.പ്ര.13:11)
2.ലുസ്രയിലെ മുടന്തൻ സൗഖ്യമായി(അ.പ്ര 13:11)
3. വെളിച്ചപ്പാടത്തി ബാല്യക്കാരത്തിയുടെ ഭൂതങ്ങളെ പുറത്താക്കി(അ.പ്ര 16:18)
4. യൂത്തിക്കോസിന് ജീവൻ തിരിച്ചു ലഭിച്ചത്(അ.പ്ര 20:10)
5. അണലിയെ കുടഞ്ഞുകളഞ്ഞത്(അ.പ്ര 28:5)
6. പുബ്ളിയോസിനെ സൗഖ്യമാക്കിയത്(അ.പ്ര 28:8).

### പൌലൊസിന്റെ സ്വഭാവ സവിശേഷതകൾ

1. സന്തോഷമുള്ളവൻ(അ.പ്ര.16:25)
2.സ്നേഹം(1 കൊരി 16:24)
3.വിശ്വസ്തത(2 തിമൊ 4:7,8
4. സഹിഷ്ണുത(2 തിമൊ 4,7,8
5.സമ്പൂർണ്ണ സമർപ്പണമുള്ളവൻ( ഫിലി 3:7-14
6. ഉത്സാഹം അ.പ്ര 20:34
7. ധൈര്യം( അ.പ്ര.16:36,37).

പ്രിയ വായനക്കാരാ, പൌലോസിന്റെ ദർശനവും സ്വാഭാവ സവിശേഷതകളും നമുക്കും മാതൃകയാക്കാം. അതിനായി ദൈവം സഹായിക്കട്ടെ.




## GUJARAT BRETHREN BIBLE INSTITUTE (GBBI)
## (12th batch)

Applications are invited from students for

One Year Course - C.Th
Two Year Course - D.Th
Three Year Course - B.Th

commencing from 20th June 2013,
at Gujarat Brethren Bible Institute, Gandhidham,Kutch.
Those who bear good testimony at their local Assembly can apply.

☛Practical training shall be given along with Bible Studies.
☛Medium of instruction is Hindi and English.
☛Decent food and accomodation shall be free.
☛Spoken English & Basic computer class

Please write immediately for Application Form.

**GUJARAT BRETHREN BIBLE INSTITUTE**
Plot.No.147,Sector.7Gandhidham. 370201.Kutch.Gujarat.
Ph. 02836-224763, 226951. e-mail: Payyanursimon@gmail.com

Samuel Mathew(Chairman) Simon Payyanur(Secretary)

## ആവശ്യമുണ്ട്

**ഗുജറാത്ത് ബ്രദറൺ ബൈബിൾ ഇൻസ്റ്റിററ്റ്യൂട്ടിന്റെ 12-ാം ബാച്ചിലേക്ക് താഴെ പറയുന്നവരെ ആവശ്യമുണ്ട്.**

### Warden Cum Teacher

വേദപുസ്തക വിഷയത്തിൽ ബാച്ചിലർ ഡിഗ്രിയോ മാസ്റ്റർ ഡിഗ്രിയോ ഉള്ളവരും, ഹിന്ദി, ഇംഗ്ളീഷ് ഭാഷ കൈകാര്യം ചെയ്യാനറിയുന്നവരും, ബ്രദറൺ സഭയുമായി ബന്ധപ്പെട്ടു നല്ല സാക്ഷ്യവും, സുവിശേഷവേലയിൽ താത്പര്യം ഉള്ളവരുമായ അവിവാഹിതരായ യുവാക്കൻമാർക്ക് അപേക്ഷിക്കാം.

### Cook

ദിനംപ്രതി പതിനഞ്ചുപേർക്ക് ആഹാരം പാകം ചെയ്യാനറിയാവുന്ന വിശ്വാസികളായ പുരുഷൻമാർക്ക് അപേക്ഷിക്കാം..

കൂടുതൽ വിവരങ്ങൾക്ക്,
Contact -M- 09825169406.

ഉത്തരേന്ത്യയിൽ നിന്നുള്ള ഒരു മലയാള
ബ്രദറൺ പ്രസിദ്ധീകരണം

# Happy Voice - സന്തോഷധ്വനി

**Chief Editor**



***SIMON PAYYANUR***
***Tel: 02836-224763,226951,M-09825169406***
***e-mail: payyanursimon@gmail.com***

**CO-Editor**

***P.V.JOSE-Jaipur***
***Tel: 2291425; M- 09829053425***


***Annual Subscription;-***

India : Rs. 50.00

**Please Mail :-**
Articles, Letters,Subscription, Contribution to;


SIMON PAYYANUR
PLOT.NO.147,SECTOR.7,GANDHIDHAM.
370201,KUTCH,GUJARAT.
***Tel: 02836-224763,226951,M-09825169406***
***e-mail: payyanursimon@gmail.com***


OR

SIMON PAYYANUR, A/c .NO.10316650005 SBI
IFSC Code: SBIN0000373.

## ശ്രദ്ധിക്കുക

- ഹാപ്പിവോയ്സ് എല്ലാ മാസവും ഒന്നാംതീയതി പ്രസിദ്ധീ കരിക്കുന്നു.
- വരിസംഖ്യ കുടിശിഖ അയച്ചു പ്രവർത്തനത്തെ സഹായിക്കുക.
- വിലാസമാററം യഥാസമയം അറിയിക്കുക.



# ഗാനക്വിസ്. 152



ആർക്കും പങ്കെടുക്കാം. താഴെ എഴുതിയിരിക്കുന്ന ഗാനത്തിന്റെ തുടക്കം ഏത്? ഗാനരചയിതാവ് ആര്? ഗാനം ആത്മീയ ഗീതത്തിലുള്ളതാണ്. ഉത്തരങ്ങൾ ഫെബ്രുവരി 28 നു മുമ്പ് എഡിററുടെ വിലാസത്തിൽ അയക്കുക.

ഗാനം. **മന്നാ നിൻ പൊന്നിൻ കരമെന്നിൽ നിഴലിച്ചതാൽ**
**നിന്നുരുവമെന്നുള്ളിൽ മിന്നുന്നിതാ...**

**ഗാനക്വിസ് 150-ന്റെ ഉത്തരവും വിജയികളുടെ പേരുകളും;**
**ഇനിയെങ്ങനെയീ ഭൂവാസം**
**തുടർന്നിടുവതെന്തു പ്രയാസം...**

**രചയിതാവ്: ടി.കെ.ശമുവേൽ**

1.Omana Varghese-Jabalpur
2.M.V.Samuel-Tiruvalla
3.Jolly Samuel-Kochi
4.Saramma Samuel-Eraviperoor
5.. Thankamma Varghese-Edayaranmula
6.. Kunjamma Benny-Pathanapuram
7..Mariamma Thomas-Kunnamthanam

09825169406 എന്ന മൊബൈൽ നമ്പറിൽ എസ്.എം.എസ് അയക്കുകയോ,**payyanursimon@gmail.com** എന്ന ഇ-മെയിൽ വിലാസത്തിൽ ഉത്തരം അയക്കുകയോ ചെയ്യാവുന്നതാണ്.

## *Gujarat Brethren Bible Institute News*

ഗുജറാത്ത് ബ്രദറൺ ബൈബിൾ ഇൻസ്റ്റിററ്യൂട്ടിന്റെ 11-ാമത് ബാച്ചിന്റെപ്രവർത്തനങ്ങൾ തുടരുന്നു. കഴിഞ്ഞ മാസത്തിൽ ബ്രദർ. അഗസ്റ്റിൻ. കെ.തോമസ്- ബിലാസ്പൂർ- യാക്കോബിന്റെ ലേഖനവും, ബ്രദർ.വി.ജെ.തങ്കച്ചൻ- അജ്മേർ എഫെസ്യലേഖനവും യിസ്രായേൽ ചരിത്രവും പഠിപ്പിച്ചു. ദൈവജനങ്ങളുടെ പ്രാർത്ഥന തുടർന്നും അഭ്യർത്ഥിക്കുന്നു.


GUJARAT BRETHREN BIBLE INSTITUTE
PLOT.NO.147,SECTOR.7,GANDHIDHAM.
370201,KUTCH,GUJARAT.
e-mail:payyanursimon@gmail.com


**READ**
**SUBSCRIBE**
**HAPPY VOICE**